കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ചെങ്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-2018

നമ്പർ.കെ.എസ്.എ.ജി.പി.1/2227/2018 കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം ഫോൺ 0471 2331231,

ഇ-മെയിൽ lfadtvm@yahoo.in,
തിയതി 10.12.2018

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചെങ്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്കൽ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ചെങ്കൽ** ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സമ്പ്രദായവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സമ്പ്രദായവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2227/2018 **തീയതി: 10.12.2018**

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക

വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കപ്പെടുകയുണ്ടായി. പഞ്ചായത്ത് 08.07.2017 മുതൽ 21.09.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.സാജൻലാൽ എസ്.ജെ. ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	22.09.2018മുതൽ 29.09.2018വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി.ജയകുമാരി കെ ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) ശ്രീമതി.ആശ.ജി.ആർ, സി.ഗ്രേഡ് ഓഡിറ്റർ ശ്രീമതി ബിന്ദുലത ബി.പി , സി. ഗ്രേഡ്ഓഡിറ്റർ ശ്രീ അജൻ സി. എസ് , സീനി. ഗ്രേഡ് ഓഡിറ്റർ

	ശ്രീ. രാജു എസ്, ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ. വട്ടവിള രാജ് കുമാർ	01-04-2017മുതൽ 31-03-2018വരെ
സെക്രട്ടറി	1.ശ്രീ.തുളസീധരൻ നായർ ജി	01-04-2017മുതൽ 05-04-2017വരെ
	2.ശ്രീ.എം ജവാദ്(full addnl charge)	06.04.2017മുതൽ 28.04.2017വരെ
	3. ശ്രീമതി ഷീബ കെ.എസ്	29.04.2017മുതൽ 08.06.2017വരെ
	4. ശ്രീ. സി.ബി ചന്ദ്രലാൽ	09.06.2017മുതൽ 31-03-2018വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	ഉദ്യോഗസ്ഥന്റെ പേര്	കാലയളവ്
കൃഷി ഓഫീസർ	ശ്രീ.ജോസഫ് ടി.എം	01.04.2017മുതൽ 31.03.2018വരെ
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ)	1.ശ്രീമതി പ്രീത 2.ശ്രീമതി മഞ്ജുഷ	01.04.2017 മുതൽ 9.01.2018വരെ 10.01.2018മുതൽ 31.03.2018വരെ
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ)	1.ശ്രീ. ബാബു കെ.എസ്. 2.ശ്രീമതി സ്മിതാരാജ്	01.04.2017മുതൽ 11.06.2017വരെ 12.06.2017മുതൽ 31.03.2018വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി.ദീപാ.എസ്.നായർ ശ്രീമതി അംബബാല റ്റി.ഒ ശ്രീമതി വിധുപാൽ ചിത്ര	01.4.2017മുതൽ 25.09.2017വരെ. 26.09.17മുതൽ 11.10.17 വരെ 12.10.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	ഡോ. ലിജ എസ് എൽ	01-04-2017മുതൽ 31-03-18വരെ
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	ഡോ.വി.കെ.വിനോദ് കുമാർ	01-04-2017മുതൽ 31-03-18വരെ
മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ.എം ഷൈല	01.04.17 മുതൽ 19.10.17വരെ
	ഡോ.അഗസ്റ്റിൻ	20.10-2017മുതൽ 31-03-18വരെ
ഹെഡ്മാസ്റ്റർ	ശ്രീമതി. വിജയകുമാരി	01-04-2017മുതൽ 31-03-18വരെ

അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീ ലിജു.എൽ.എസ് ശ്രീമതി. സൗമ്യ എസ് ശ്രീ. സുനിൽ എസ് ശ്രീ ജ്യോതിസ്	01-04-2017മുതൽ09.11.17വരെ 10-11-2017മുതൽ07.01.18വരെ 08-01-2018മുതൽ28.01.18വരെ 29.01.18 മുതൽ 31.03.18 വരെ
വെറ്ററിനറി സർജൻ	ഡോ. ജിന കെ.ആർ ഡോ. ബിജേഷ്	01-04-2017മുതൽ 28.07-17വരെ 29.07.17 മുതൽ 31.03.2018 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ. എം ജെറാഡ് ശ്രീമതി. വിജയകുമാരി	01.04.2017 മുതൽ 16.06.2017 വരെ 17.06.2017 മുതൽ 31.03.2018 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം - 1	ഖണ്ഡിക നമ്പർ	പേജ് നമ്പർ
1	ബജറ്റ്	1-1	
2	വാർഷിക ധനകാര്യപത്രിക.	1-2	
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.	1-3	
4	സാമ്പത്തിക വിശകലനം	1-4	
5	ഫണ്ട് വിനിയോഗം	1-5	
6	പദ്ധതി അവലോകനം.	1-6	
7	തൊഴിലുറപ്പ് പദ്ധതി	1-7	
8	ക്ഷേമപദ്ധതികൾ	1-8	
9	ക്യാഷ് വെരിഫിക്കേഷൻ	1-9	
10	ആഭ്യന്തരനിയന്ത്രണം.	1-10	
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11	
12	വാർഷിക കണക്കുകളിലെ അപാകതകൾ	1-12	
	ഭാഗം - 2		
13	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല	2-1	

14	ബിൽഡിംഗ് പെർമിറ്റ് അപാകതകൾ	2-2	
15	ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക 2.26 ലക്ഷം	2-3	
16	ഡി ആൻഡ് ഒ ലൈസൻസ് - അപാകതകൾ	2-4	
17	ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.	2-5	
18	വർക്കേഴ്സ് വെൽഫെയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല	2-6	
19	മിനിട്സ് ബുക്ക് പരിപാലനം -സമയക്രമം പാലിക്കുന്നില്ല.	2-7	
20	പഞ്ചായത്തിന്റെ ആസ്തിയായ കെട്ടിടങ്ങൾ കൈമാറുന്നത്- വിശദാംശങ്ങൾ ലഭ്യമായില്ല	2-8	
	ഭാഗം - 3		
21	ബഡ്ജറ്റ്	3-1	
22	പദ്ധതി തയ്യാറാക്കി നടപ്പിലാക്കി-പ്രധാനലക്ഷ്യം കൈവരിച്ചില്ല	3-2	
23	അനുവദനീയമല്ലാത്ത യാത്രാബത്ത നൽകി-തുക നിരാകരിക്കുന്നു	3-3	
24	ചെലവ് രേഖകൾ ഹാജരാക്കിയില്ല – തുക തടസപ്പെടുത്തുന്നു	3-4	
25	ആദായനികുതി ഈടാക്കിയില്ല തിരികെ ഈടാക്കി ഒടുക്ക് വരുത്തണം	3-5	
26	ശമ്പളപരിഷ്കരണ കുടിശ്ശിക സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകി.	3-6	
27	ഉദ്ഘാടനം – ചെലവ് പരിധി ലംഘിച്ച് ചെലവ് നടത്തി	3-7	
28	സ്റ്റോക്ക് ഭൗതിക പരിശോധന - കമ്പ്യൂട്ടർ കണ്ടെത്തിയില്ല	3-8	
29	യാത്രാബത്ത – അപാകതകൾ	3-9	
30	കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ	3-10	
31	പദ്ധതി അംഗീകാരത്തിന് വിരുദ്ധമായി നടപ്പിലാക്കി.	3-11	
32	ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നിർവഹിച്ച മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ	3-12	

33	ഓട്ടോറിക്ഷ സബ്സിഡി(വനിത)- പദ്ധതി പൂർണമായും നടപ്പിലായില്ല- തുക തിരികെ അടയ്ക്കേണ്ടതാണ്.	3-13		
34	ബഡ്സ് സ്കൂൾ - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ അധ്യാപികയേയും ആയയേയും നിയമിച്ചു.	3-14		
35	അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ച പദ്ധതികൾ- പ്രധാന അപാകതകൾ	3-15		
36	ശുചീകരണത്തിലെ പാളിച്ച – പദ്ധതി നടപ്പിലാക്കിയില്ല	3-16		
	ഭാഗം 4			
37	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1		
38	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2		
39	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3		
40	വായ്പ/ വായ്പ തിരിച്ചടവ്	4-4		
41	സ്ഥിരനിക്ഷേപങ്ങൾ	4-5		
42	ഓഡിറ്റ് റിക്കവറി	4-6		
43	സമാപ്ത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-7		
44	ഓഡിറ്റ് പ്രത്യവലോകനം	4-8		
45	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9		

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2017-18സാമ്പത്തിക വർഷത്തെ ബജറ്റ് 28.03.2017 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 241316975/- രൂപയും പ്രതീക്ഷിത ചെലവ് 235220000/- രൂപയും നീക്കിയിരിപ്പ് 6096975/- രൂപയുമായിരുന്നു. എന്നാൽ റസിപ്റ്റ്സ് ആന്റ് പേയ്മെന്റ്സ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 95800732/-രൂപയും ചെലവ് 93374795/-രൂപയും നീക്കിയിരിപ്പ് 2425937/- രൂപയുമാണ്.

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2018	16.06.2018	-	-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2017-18	27.06.2018 - 28.06.2018	നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.I/ 1468/2018 തീയതി 8.8.2018

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	9229774
വരവ്	86570958
ആകെ	95800732
ചെലവ്	93374795
നീക്കിയിരിപ്പ്	2425937

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തന് വർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട് (പൊതുവിഭാഗം)	_	21447510	21447510	21447510	_
വികസന ഫണ്ട് (എസ്.സി.പി)	_	3980081	3980081	3980081	_
സംരക്ഷണ	_	11581788	11581788	11581788	_

ഗ്രാന്റ് (റോഡ്)					
സംസ്ഥാന. ഗ്രാന്റ് (നോൺറോഡ്)	_	4778372	4778372	4778372	_
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	_	11394137	11394137	11394137	_
പെർഫോമൻസ് ഗ്രാന്റ്	_	2856277	2856277	2856277	_
എം.എൻ.ആർ. ഇ. ജി.എസ്.	142067	1667576	1809643	1744335	65308
ബി ഫണ്ട്	_	1859558	1859558	1859558	_
Co operative bank	13306	_	13306		13306
Sbi parassala	332301	_	332301	296287	36014
life		1000	1000		1000
തനത് ഫണ്ട് + മറ്റ് വരവുകൾ	2659210+ 951414	13779484	17390108	14396760	2993348
ജനറൽ പർപ്പസ് ഫണ്ട്	5028254	12979000	18054072	18936468	-929214
Cash	103222	246175	349397	103222	246175

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും നടപ്പാക്കിയ പ്രോജക്ടുകളുടെയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

ക്രമ നം.	നിർവഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
1	കൃഷി ഓഫീസർ	5	8415961	2	2734031	3	0	40
2	വെറ്ററിനറി സർജൻ	3	3600000	2	1035700	1	0	67
3	മെഡിക്കൽ ഓഫീസർ പി.എച്ച്.സി	5	1751800	3	1050465	1	1	60

4	മെഡിക്കൽ ഓഫീസർ ഹോമിയോ	1	100000	1	100000	0	0	100
5	മെഡിക്കൽ ഓഫീസർ ആയുർവേദം	1	500000	1	500000	0	0	100
6	അസിസ്റ്റന്റ് എഞ്ചിനീയർ	226	74144655	144	43477365	0	82	64
7	അസിസ്റ്റന്റ് സെക്രട്ടറി	6	3610630	3	791010	1	2	50
8	ഡയറിഫാം ഇൻസ്ട്രക്ടർ	1	2100000	0	400000	1	0	0
9	ഹെഡ്മിസ്ട്രസ്	7	3031216	7	26587500	0	0	100
10	സെക്രട്ടറി	20	7161000	18	6638500	0	2	90
11	ഐ.സി.ഡി.എസ്	6	4040725	5	3630401	0	1	83
12	വി.ഇ.ഒ	15	9657390	8	3538200	2	5	53

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവുകൾ	142067	1667576	1809643	1744335	65308
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	12695275	12695275	12695275	0

1-8 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	509640	1045
കർഷകത്തൊഴിലാളി പെൻഷൻ	4191900	1401
വിധവാപെൻഷൻ	4007100	1250

വാർദ്ധക്യകാലപെൻഷൻ	7537200	2418
വികലാംഗപെൻഷൻ	2152500	664
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	760000	26

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2018 ഉച്ചയ്ക്ക് 2.40ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,136/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം.

ഭരണസമിതി ഓഫീസ് മീറ്റിംഗ് വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകുന്നുണ്ട്. എന്നാൽ ഓഫീസ് ഓർഡർ രജിസ്റ്ററായി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിലെ അക്കൗണ്ടിംഗ് രീതി സുതാര്യമാണ്. ക്യാഷും ബാങ്കുമായുള്ള നിയന്ത്രണം കൃത്യമായി പാലിച്ചുവരുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും വ്യത്യസ്ത ജീവനക്കാർക്ക് ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. എല്ലാ ചെലവുകൾക്കും വൗച്ചറുകളും സബ് വൗച്ചറുകളും സൂക്ഷിച്ചിട്ടുണ്ട്. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് എങ്കിലും താരതമ്യേന മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. (ജി.ഒ.എം.എസ്.18/2015/ത.സ്വ.ഭ.വ 29.01.2015) ഇതിന്റെ ഭാഗമായി ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം. എന്നാൽ അപ്രകാരം യോഗം കൂടിയിട്ടില്ല.

ഫ്രണ്ട്ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട്ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട്ഓഫീസ് ഡയറിയിൽ തപാൽ നം., അപേക്ഷകന്റെ പേര്, സേവനത്തിന്റെ സ്വഭാവം, സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി , സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര്, ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട്ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട്ഓഫീസ് ഡയറി അപൂർണമാണ്. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവോയെന്ന് പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ

കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററുകളിൽ പഞ്ചായത്തിന്റെ എല്ലാ ആസ്തികളും ഉൾപ്പെടുത്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	19.09.2018	7/18 മുതൽ 8/18 വരെ	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	12-05-2016മുതൽ 31-05-2016വരെ	2011-12മുതൽ 2015-16വരെ	23-07-2016

1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഇല്ല

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കില്ല

തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ, താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. മെൻപാം ആറയൂർ - ഒന്നാം പാദം
2. എൽ എം എസ് എൽബിഎസ് കൊടങ്കര
3. പൂർണ ഓഡിറ്റോറിയം
4. ദേവനന്ദ ആഡിറ്റോറിയം
5. സായി കൃഷ്ണ പബ്ലിക് സ്കൂൾ ചെങ്കൽ
6. പൂർണ്ണ ഗ്യാസ് ഏജൻസി
7. ഹെഡ് പോസ്റ്റ് ഓഫീസ് നെയ്യാറ്റിൻകര - രണ്ടാം പാദം

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2-2 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ

ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ പൊതുവായി കാണുന്നു.

- ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കൈവശ ഗണം (Occupancy) കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഇ, എഫ് എന്നീ രണ്ട് ഗണങ്ങൾക്കും പൊതുവായി 'commercial' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

- ചുറ്റുമതിൽ നിർമ്മാണ പെർമിറ്റ് സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്ക് 5/- രൂപയാണെങ്കിലും പഞ്ചായത്ത് 20/- രൂപ നിരക്കിലാണ് ഫീസ് ഈടാക്കുന്നത്

- കാറ്റഗറി 1 പഞ്ചായത്തുകളിൽ തറ വിസ്തീർണ്ണം 150 ചതുരശ്ര മീറ്ററിൽ താഴെയാണെങ്കിൽ 50% ഫീസ് ഈടാക്കിയാൽ മതിയാകുന്നതാണ്. പല അപേക്ഷകളിലും തറ വിസ്തീർണ്ണം 150 ചതുരശ്രമീറ്ററിന് മുകളിലാണെങ്കിലും 150 ചതുരശ്ര മീറ്ററിൽ താഴെയായി കാണിച്ച് ഫീസ് ഈടാക്കിയിരിക്കുന്നു. ആയതിനാൽ ഇത്തരത്തിലുള്ള അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്.

2-3 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക 2.26 ലക്ഷം

ചെങ്കൽ പഞ്ചായത്ത് പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന വ്യക്തികളിൽനിന്ന് വാടകയിനത്തിൽ കുടിശ്ശിക ഈടാക്കാനുള്ളതായി കാണുന്നു.

ക്രമ നമ്പർ	വാടകക്കാരന്റെ പേര്	കുടിശ്ശിക തുക
1	സുജാത	6000
2	സുലോചന	9600
3	നാഗപ്പൻ നായർ	9600
4	നാഗപ്പൻ നായർ	9600
5	രജി	9600
6	രജി	9600
7	ഡെലോസ്	9600
8	അനിൽകുമാർ	6000
9	ശ്രീലത	6000
10	ശിവാനന്ദ്	6000
11	ശിവാനന്ദ്	6000
12	സദാനന്ദൻ നായർ	6000
13	സദാനന്ദൻ നായർ	9600
14	സരസ്വതി	30000
15	ശ്രീലത	15600
16	ശ്രീലത	30000

17	ശിവകുമാർ	30000
18	കുമാർ	6000
19	ശിവനാഥ്	6000
20	പ്രഭാകരൻ	6000
ആകെ		226800

2011-12 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് കമ്മിറ്റി വാടക ഉയർത്തുകയും അതിനെതിരെ ഏതാനും വാടകക്കാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. എന്നാൽ ഇത് സംബന്ധിച്ച ഫയൽ ഹാജരാക്കിയില്ല. ഷോപ്പിങ് കോംപ്ലക്സിന്റെ ഫയൽ പ്രകാരം 9.7.2015 ലെ ഉത്തരവുപ്രകാരം സ്റ്റേ ഓർഡർ ഒരു മാസത്തേക്ക് നീട്ടിയതായി കാണുന്നു. പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സ്റ്റേ ഓർഡർ നീക്കുന്നതിനായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമല്ല. ഈ സാഹചര്യത്തിൽ കേസിലെ തൽസ്ഥിതി റിപ്പോർട്ട് ചെയ്യുന്നതിനും വ്യക്തമായ നിയമോപദേശം വാങ്ങി തുടർനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിക്കുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

2-4 ഡി ആൻഡ് ഒ ലൈസൻസ് - അപാകതകൾ

ഡി & ഒ ലൈസൻസ് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

- ട്രേഡ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല
- ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഒപ്പുവച്ച് അംഗീകരിച്ചിട്ടില്ല
- പൂർണ ഗ്യാസ് ഏജൻസി എന്ന സ്ഥാപനത്തിന് അഗ്നിശമന വിഭാഗത്തിന്റെ നിരാക്ഷേപ പത്രം ഇല്ലാതെതന്നെ ലൈസൻസ് നൽകി. കൂടാതെ മേൽപ്പറഞ്ഞ സ്ഥാപനത്തിന് പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ നൽകിയ ലൈസൻസ് 30.9.2017 അവസാനിക്കുന്നതാണ്. എന്നാൽ മുഴുവൻ വർഷത്തേക്ക് ഡി & ഒ ലൈസൻസ് നൽകി
- പോപ്പുലർ നട്സ് എന്ന സ്ഥാപനത്തിന് 1948-ലെ ഫാക്ടറി നിയമം അനുസരിച്ചുള്ള ലൈസൻസ് ഇല്ലാതെ ഡി & ഒ ലൈസൻസ് അനുവദിച്ചു
- പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ലൈവ് സ്റ്റോക്ക് റൂൾസ് അനുസരിച്ചാണ് പൗൾട്രി ഫാമുകൾക്ക് ലൈസൻസ് അനുവദിക്കേണ്ടത് . എന്നാൽ ഇവിടെ d&o ലൈസൻസ് ആണ് അനുവദിച്ചിരിക്കുന്നത്
- തിരുവോണം ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ഇല്ലാതെ ലൈസൻസ് അനുവദിച്ചു
- ക്ലാസിക് എക്സ്റ്റീരിയർ ഡിസൈൻ എന്ന സ്ഥാപനത്തിന് അഗ്നി ശമന സേനയുടെ നിരാക്ഷേപ പത്രം ഇല്ലാതെ ലൈസൻസ് അനുവദിച്ചു
- ഡി & ഒ ഡിമാൻഡ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

മേൽപ്പറഞ്ഞ അപാകതകളിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നിന്നും കുറവായി മെഷീൻ ഫീസ് ഈടാക്കി.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഈടാക്കേണ്ട തുക	ഈടാക്കിയ തുക	വ്യത്യാസം
1	സ്വിസ് ഡിയോ	400	300	100
2	ആർ.എസ്. സർവീസ് സ്റ്റേഷൻ	100	-	100
3	അനൂപ് ഇന്റർ ലോക്ക്	100	50	50
4	അജിത് ഫർണിച്ചർ മാർട്ട്	200	100	100
	ആകെ			350

ഈടാക്കാൻ അവശേഷിക്കുന്ന 350/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2-5 ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്ക വരുത്തുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവിലയിനത്തിൽ ഗ്രാമപഞ്ചായത്തിന 26,800/-രൂപ ലഭിക്കുവാനുള്ളതായി ഓഡിറ്റ് അന്വേഷണം നം. 7/17-18 തീയതി 22.09.2018നുള്ള മറുപടിയായി അറിയിക്കുകയുണ്ടായി.

ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ്ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-6 വർക്കേഴ്സ് വെൽഫെയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജായി ഈടാക്കാവുന്നതാണ്. 2017-18സാമ്പത്തിക വർഷം 6,65,94,422/- രൂപയുടെ മരാമത്ത് പ്രവൃത്തികളാണ് ഗ്രാമപഞ്ചായത്ത് നിർവഹിച്ചിട്ടുള്ളത്. അതായത്, കളക്ഷൻ ചാർജിനത്തിൽ 6659/- രൂപ തൻവർഷം ലഭിക്കേണ്ടിയിരുന്നു. എന്നാൽ നാമ മാത്രമായ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന മാത്രമാണ് ഗ്രാമപഞ്ചായത്ത് കളക്ഷൻ ചാർജ് ഈടാക്കിയിട്ടുള്ളത്. പ്രവൃത്തി ബില്ലുകളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്ന തുകക്ക് കൃത്യമായി കളക്ഷൻ ചാർജ് ഈടാക്കി തനതു അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2-7 മിനിട്സ് ബുക്ക് പരിപാലനം -സമയക്രമം പാലിക്കുന്നില്ല.

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങൾ 8,9,10 എന്നിവ പ്രകാരം യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും പ്രസ്തുത നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച്

നൽകേണ്ടതുമാണ്. അദ്ധ്യക്ഷൻ അംഗീകരിച്ച യോഗനടപടിക്കുറിപ്പിന്റെ നക്കൽ സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻതന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിമിനിട്സ് ബുക്ക് ഇപ്രകാരം സാക്ഷ്യപ്പെടുത്തി ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നില്ല. സകർമ സോഫ്റ്റ്വെയർ പ്രകാരമുള്ള മിനിട്സും യോഗതീരുമാനങ്ങൾ നിശ്ചിത സമയക്രമം പാലിച്ച് അംഗീകരിക്കുന്നില്ല. 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങൾക്കനുസൃതമായി മിനിട്സ് ബുക്ക് പരിപാലിക്കാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

2-8 പഞ്ചായത്തിന്റെ ആസ്തിയായ കെട്ടിടങ്ങൾ കൈമാറുന്നത്- വിശദാംശങ്ങൾ ലഭ്യമായില്ല

ഗവ ഐ.ടി.ഐ മര്യാപുരം പ്രിൻസിപ്പലിന്റെ നം എം 3-65/2017(1) നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഉപയോഗശൂന്യമായും നിഷ്ക്രിയ ആസ്തിയായും ഇരുന്ന മര്യാപുരം ജംഗ്ഷനിൽ പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് നിർമിച്ച കെട്ടിടവും മര്യാപുരത്തെ ലൈബ്രറിയും ക്രിയാത്മക വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഗവ. ഐ.ടി.ഐ മര്യാപുരത്തിന് കൈമാറാൻ അനുമതി നൽകിക്കൊണ്ടും ആയതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടും 20.01.2018 പഞ്ചായത്ത് ജനറൽ കമ്മിറ്റി ഏകകണ്ഠേന തീരുമാനിച്ചു(7(1) -ാം നമ്പർ തീരുമാനം) . ഇത് സംബന്ധിച്ച ഫയൽ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടതിലും ലഭ്യമാക്കിയില്ല.

ഗവ. ഐ.ടി.ഐ ഉൾപ്പെടുന്ന മര്യാപുരം വാർഡിന്റെ (14-ാം വാർഡ്) അസെറ്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്വെയർ, പഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച രണ്ട് കെട്ടിടങ്ങളുടെയും വിവരങ്ങൾ (കെട്ടിട നം , ഉടമസ്ഥത, നികുതി വിശദാംശം മുതലായവ) ഉൾപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രജിസ്റ്ററുകളിൽ ഉൾപ്പെടുത്തേണ്ടതും 20/01/2018 ലെ 7(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾ ഗവ. ഐ.ടി.ഐ ക്ക് കൈമാറുന്നതിന് സ്വീകരിക്കുന്ന തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 39/18 തീയതി 28.09.2018) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയൊഴിയലും) ചട്ടത്തിനു വിധേയമായി സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം ലഭ്യമായശേഷമേ കെട്ടിടം മര്യാപുരം ഗവ. ഐ.ടി.ഐ ക്ക് കൈമാറുകയുള്ളൂ എന്ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ബഡ്ജറ്റ്

ചെങ്കൽ പഞ്ചായത്തിലെ 2017-18 ബഡ്ജറ്റ് 28.03.2017-ൽ പാസാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഫയലുകളും രേഖകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന വസ്തുതകൾ കണ്ടു

- വിവിധ സ്ഥാപനങ്ങളിലെ തലവന്മാർ annexure 1 &2 പ്രകാരം ബജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല
- പഞ്ചായത്ത് ഓഫീസിന്റെ ബജറ്റ് പ്രൊപ്പോസൽ annexure 3&4 പ്രകാരം സെക്രട്ടറി തയാറാക്കിയിട്ടില്ല
- ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ല annexure 5.1 & 5.2

- പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ബജറ്റ് ചർച്ചക്കായി 3 ദിവസം മുൻപ് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ ഇവിടെ നോട്ടീസ് നൽകിയതും ബജറ്റ് ചർച്ചക്കായി യോഗം ചേർന്നതും 27.03.2017 ആണ്. ഇതനുസരിച്ച് ബഡ്ജറ്റിന് നോട്ടീസ് നൽകിയിട്ടില്ല എന്ന് കണക്കാക്കുന്നു.

- ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല

- ബജറ്റ് - ചെലവുകൾ സംബന്ധിച്ച് ഫിനാൻഷ്യൽ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കാറില്ല. ഇതുസംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല

- ബഡ്ജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകുകയോ ചെയ്തിട്ടില്ല

- പെർഫോമൻസ് ഓഡിറ്റ് റിന് ബജറ്റ് റിവ്യൂ ചെയ്തതായി മറുപടി നൽകിയെങ്കിലും ഇത് സാധൂകരിക്കുന്ന രേഖകളോ റിപ്പോർട്ടോ ലഭ്യമല്ല

(a) <u>വരുമാനം ഉയർത്തികാട്ടി ബജറ്റ് തയ്യാറാക്കി</u>

മുൻവർഷങ്ങളിൽ ലഭിച്ച വരവിന്റെ അടിസ്ഥാനത്തിലാണ് ബജറ്റിൽ വരുമാനം വകയിരുത്തുന്നത്. എന്നാൽ ഇവിടെ മുൻവർഷങ്ങളിൽ ലഭിച്ച വരുമാനം കണക്കാക്കാതെ ലഭിക്കാൻ സാധ്യതയുള്ള വരുമാനത്തിന്റെ പലമടങ്ങ് തുക വരുമാനമായി കാണിച്ച് ബജറ്റ് തയ്യാറാക്കി. നാളിതുവരെയായി വരുമാനം ലഭിക്കാത്ത നികുതി ഇനങ്ങളിൽ പോലും വരുമാനം ഉണ്ടെന്ന് കാണിച്ച് ബഡ്ജറ്റ് തയ്യാറാക്കി.

ഇനം	2015-16 ലെ വരവ്	2016-17 ലെ ബഡ്ജറ്റ് തുക	2016-17 ലെ വരവ്	2017-18 ലെ ബഡ്ജറ്റ് തുക	2017-18 ലെ വരവ് (AFS)
Advertisement Tax	-	50000	-	200000	-
Show Tax	-	-	-	200000	-
Rent Auditorium	19800	19800	20900	800000	5900
Rent - Building	44160	450000	242700	800000	191000
Sale of Products	4510	10000	-	500000	-

Interest Earned	57856	75000	139521	200000	427

(b) <u>പരിധിയിൽ കൂടുതൽ സേവിങ്സ്</u>

ബജറ്റിൽ വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ ഉപേക്ഷിക്കുന്നത് പണം പാഴാക്കി കളയുന്നതിന് തുല്യമാണ്. ഇത് മറ്റ് പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിയുമായിരുന്നു. താഴെപ്പറയുന്ന ഇനങ്ങളിൽ തുക ചെലവഴിക്കാതിരിക്കുകയോ കുറഞ്ഞ തുക ചെലവഴിക്കുകയോ ചെയ്തിട്ടുണ്ട്.

ഇനം	വകയിരുത്തിയ തുക	ചെലവഴിച്ച തുക	സേവിങ്സ് (%)
എം.എൻ.ആർ.ഇ.ജി.എസ്	95000000	1744335	98.1
കൃഷി	5600000	2734031	51.17
മൃഗ സംരക്ഷണം	3650000	937000	74.32
മത്സ്യകൃഷി	1300000	-	100
യുവജന ക്ഷേമം	200000	-	100
കംപ്യൂട്ടർ വൽക്കരണം	500000	2800	99.44

(c) <u>വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു</u>

താഴെപ്പറയുന്ന ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലധികം ചെലവു ചെയ്തു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 72 പ്രകാരം അടുത്ത വർഷത്തെ ബജറ്റ് നിർദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് നടപ്പുവർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റ് ആയി കണക്കാക്കാൻ പാടില്ല. എന്നാൽ ചെങ്കൽ പഞ്ചായത്തിൽ ഇപ്രകാരമാണ് പുതുക്കിയ ബജറ്റ് തയാറാക്കിയത്. ആയത് ചട്ട വിരുദ്ധമാണ്. ആയതിനാൽ പുതുക്കിയ ബജറ്റ് അംഗീകരിക്കാൻ കഴിയില്ല.

ഹെഡ്	ഇനം	വകയിരുത്തിയ തുക	ചെലവഴിച്ച തുക	അധികമായി ചെലവഴിച്ച തുക
2102001	TA	100000	110294	10294
2102003	Honararium	1200000	1937207	737207
2102005	TA - Members	50000	137140	87140
2201001	Rent	100000	239108	139108

2205101	Legal Expenses	100000	124000	24000
2301002	Diesel	175000	225325	50325
2531012	IKM	50000	118350	68350
2206001	Ads & Publicity	10000	79944	69944
Total				1186368

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് **214 (8)** പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ചെലവ് നടത്തി വെക്കാൻ പാടില്ല. ആയതിനാൽ മേൽപറഞ്ഞ ചെലവുകൾ അംഗീകരിക്കുന്നില്ല. ആയതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ബഡ്ജറ്റും ചെലവുകളുടെ നിയന്ത്രണവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നതാണ്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

<u>ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി</u>

ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ സ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായി യോഗം ചേരുന്നുണ്ടെങ്കിലും ബജറ്റിന് അനുസരിച്ചാണോ ചെലവ് ചെയ്യുന്നതെന്ന് പരിശോധിക്കുന്നില്ല. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ വർക്കിംഗ് ഗ്രൂപ്പ് 19.4.2017-ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഫിനാൻസ് സ്റ്റാൻഡിങ് കമ്മിറ്റിയുടെ വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ആകെ 6 പദ്ധതി നിർദ്ദേശങ്ങളാണ് മുന്നോട്ടുവന്നിട്ടുള്ളത്. ധനകാര്യ വർക്കിംഗ് ഗ്രൂപ്പ് നികുതി സംബന്ധിച്ച യാതൊരു പദ്ധതി നിർദേശങ്ങളും മുന്നോട്ടുവച്ചിട്ടില്ല.

3-2 പദ്ധതി തയ്യാറാക്കി നടപ്പിലാക്കി-പ്രധാനലക്ഷ്യം കൈവരിച്ചില്ല

അടങ്കൽ തുക : 300000/-(വി.ഫണ്ട്) ചെലവ്-2,40,153/-

ബിൽ നം. (1) 00871576/12.01.18 – 96503/-

(2) 00954445/08.02.18 - 48,573/-

(3) 0122899/21.03.18 – 63,773/-

(4) 1353880/28.03.18 – 31,304/-

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി 05.05.17-ലെ 4-ാം നമ്പരായി തീരുമാനിച്ച് 16.09.17 ലെ 2(2)-ാം നമ്പരായി ഭരണാനുമതി ലഭിച്ച് സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി 2017-18 ൽ നടപ്പിലാക്കിയ പ്രോജക്ട് ആഫീസ് മോണിറ്ററിംഗ് ചെലവുകൾ (പ്രോജക്ട്നം.01/18- 3ലക്ഷം രൂപ അടങ്കൽ) പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം 240153/- ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രിന്റിംഗ്, പരസ്യം, മറ്റ് കണ്ടിജന്റ് ചെലവുകൾ എന്നിവയ്ക്കാണ് മുഴുവൻ ചെലവും വന്നിട്ടുള്ളത്. പ്രധാന ലക്ഷ്യമായി കണ്ടിരുന്ന പദ്ധതി മോണിറ്ററിംഗ് സംബന്ധിച്ച് യാതൊരു ചെലവും ഉണ്ടായിട്ടില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ 18 പദ്ധതികളിലും ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പദ്ധതികൾ ഗുണഫലങ്ങളും ലക്ഷ്യവും കൈവരിക്കുന്നുണ്ടെന്ന് വരും വർഷങ്ങളിൽ പഞ്ചായത്ത് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

3-3 അനുവദനീയമല്ലാത്ത യാത്രാബത്ത നൽകി-തുക നിരാകരിക്കുന്നു

കെ.എസ്.ആർ പാർട്ട് II റൂൾ 57 പ്രകാരം ഒരു സർക്കാർ ജീവനക്കാരൻ ഹെഡ്ക്വാർട്ടറിൽ നിന്നും 8 കിലോമീറ്റർ ചുറ്റളവുവരെ ഷോർട്ട്ഡ്യൂട്ടി നിർവ്വഹിക്കുന്ന ഔദ്യോഗികാവശ്യങ്ങൾക്കുള്ള യാത്രകൾക്ക് റ്റി.എ/ഡി.എ അനുവദനീയമല്ല. എന്നാൽ ചെങ്കൽ പഞ്ചായത്ത് ജീവനക്കാർ 8 കി.മീ. പരിധിക്കുള്ളിൽ നടത്തിയ യാത്രകൾക്കും യാത്രാബത്ത അനുവദിച്ച് നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം അനുവദിച്ചതിൽ റ്റി.എ. റൂൾ പ്രകാരം അനുവദനീയമല്ലാത്ത തുക ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർനം./തീയതി	ജീവനക്കാരന്റെ പേര്/തസ്തിക	അനുവദിച്ച തുക
1	21700640/23.10.17	എം.ജറാഡ്, അസിസ്റ്റന്റ് സെക്രട്ടറി	960/-
2	21700640/23.10.17	റ്റി.വേൽമുരുകൻ, ജൂനിയർ സൂപ്രണ്ട്	320/-
3	21700640/23.10.17	പി.വിജയകുമാരി, അസിസ്റ്റന്റ് സെക്രട്ടറി	320/-
4	21700640/23.10.17	കെ.എം.ക്രിസ്തുരാജൻ, സീനിയർ ക്ലാർക്ക്	320/-
5	21700640/23.10.17	കെ.ആർ.ഷീബ, ഓഫീസ് അറ്റൻഡന്റ്	4750/-
6	21700640/23.10.17	ആർ.ഷീല, ഓഫീസ് അറ്റൻഡന്റ്	250/-
7	21700905/12.11.18	പി.വിജയകുമാരി, അസിസ്റ്റന്റ് സെക്രട്ടറി	2240/-
8	21700905/12.11.18	റ്റി.വേൽമുരുകൻ, ജൂനിയർ സൂപ്രണ്ട്	640/-
9	21700905/12.11.18	എ.എസ്.കനകരാജ്, എ.ഇ	960/-
10	21700905/12.11.18	കെ.എം.ക്രിസ്തുരാജൻ, സീനിയർ ക്ലാർക്ക്	960/-
11	21700905/12.11.18	സജി, സീനിയർ ക്ലാർക്ക്	320/-
12	21700905/12.11.18	പ്രശാന്ത്,ക്ലാർക്ക്	250/-
13	21700905/12.11.18	ആർ.ഷീല,ഒ.എ	500/-
14	21700905/12.11.18	കെ.ആർ.ഷീബ,ഒ.എ	2250/-
15	21701341/22.03.18	പി.വിജയകുമാരി,അസി.സെക്ര.	2880/-
16	21701341/22.03.18	എ.എസ്.കനകരാജ്, എ.ഇ	1280/-
17	21701341/22.03.18	കെ.എം ക്രിസ്തുരാജൻ, സീനിയർ ക്ലാർക്ക്	1280/-
18	21701341/22.03.18	നിസാം,സീനിയർ ക്ലാർക്ക്	960/-
19	21701341/22.03.18	സജി,സീനിയർ ക്ലാർക്ക്	320/-

20	21701341/22.03.18	കെ.ആർ.ഷിബു, ഓഫീസ് അറ്റൻഡന്റ്	2750/-
21	21701341/22.03.18	ആർ.ഷിബു,ഓഫീസ് അറ്റൻഡന്റ്	500/-
ആകെ			25,010/-

യാത്രയുടെ വിശദാംശങ്ങൾ 3-ാം അനുബന്ധമായി ചേർക്കുന്നു.

3-4 ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസപ്പെടുത്തുന്നു

താഴെപ്പറയുന്ന വൗച്ചറുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

1. വട്ടവിള സപ്ലൈകോ മാർക്കറ്റ് ഉദ്ഘാടനം - വൗച്ചർ നമ്പർ 21700525 തീയതി 14.9.2017 തുക 25000/- രൂപ
2. ടാക്സി വാടക വൗച്ചർ നമ്പർ nil തീയതി 14.9.2017 തുക 3900/- രൂപ

28900/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റിനു വിധേയമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-5 ആദായനികുതി ഈടാക്കിയില്ല - തിരികെ ഈടാക്കി ഒടുക്കു വരുത്തണം

വൗച്ചർ നമ്പർ 21700730, 21700576, 21700419, 21701111, 21701112

തീയതി 24.11.2017, 7.10.2017, 18.9.2017, 7.3.2018(2)

തുക 10000, 3000, 30000, 10000, 10000

പഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്ത വകയിൽ വക്കീൽ ഫീസ് ഇനത്തിൽ അഡ്വക്കേറ്റ് ശ്രീ രാജേന്ദ്രന് 63000രൂപ പ്രതിഫലമായി നൽകിയിട്ടുണ്ട്. എന്നാൽ ആദായനികുതി നിയമം വകുപ്പ് 194ജെ അനുസരിച്ച് ശ്രീ.രാജേന്ദ്രനിൽ നിന്നും 10% ആദായ നികുതി ഈടാക്കേണ്ടിയിരുന്നു. ഇപ്രകാരം നികുതി ഈടാക്കാത്തതിനാൽ 10% തുകയായ 6300/- രൂപ തിരികെ ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-6 ശമ്പളപരിഷ്കരണ കുടിശ്ശിക സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകി

ശ്രീ രാജ്മോഹൻ, ജൂനിയർ സൂപ്രണ്ടിന് 2014 ശമ്പളപരിഷ്കരണം അനുസരിച്ച് ശമ്പള കുടിശിക വിതരണം ചെയ്തിട്ടുണ്ട്. (വൗച്ചർ നം 21700681/1.11.2017). ടിയാൾ 01.07.2014 മുതൽ 09.11.2015 വരെ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലാണ് ജോലിചെയ്തിരുന്നത്. മേൽപ്പറഞ്ഞ കാലയളവിലെ ശമ്പള പരിഷ്കരണ കുടിശ്ശികയാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും വിതരണം ചെയ്തത്. സർക്കാർ സർക്കുലർ നം. 16/2017/ധന തീയതി 22.3.2017 അനുസരിച്ച് 01.07.2014 മുതൽ 31.01.2016 വരെ വകുപ്പിൽ അന്യത്ര സേവനത്തിലാണെങ്കിൽ ബന്ധപ്പെട്ട ഓഫീസിലേക്ക്, ആ ഓഫീസിൽ ജോലി ചെയ്തിരുന്ന കാലയളവിലെ due-drwan statement തയ്യാറാക്കി അയച്ച് കൊടുക്കേണ്ടതാണ്. രണ്ടാഴ്ചയ്ക്കുള്ളിൽ മേൽപ്പറഞ്ഞ സ്ഥാപനം കുടിശ്ശിക തുക ജീവനക്കാരൻ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിലേയ്ക്ക് ഒടുക്കു വരുത്തേണ്ടതാണ്. എന്നാൽ ഇവിടെ due-drwan statement തയ്യാറാക്കി നൽകുകയോ കുടിശ്ശിക പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കുടിശ്ശികയായി നൽകിയ 25659/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബിവറേജസ് കോർപറേഷനിൽ നിന്നും തുക ഈടാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ബാക്കിയുള്ള ഗഡുക്കൾ നൽകുമ്പോൾ മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്. ഇതിനകം ബാക്കിയുള്ള ഗഡുക്കൾ നൽകിയിട്ടുണ്ടെങ്കിൽ ആയത് കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

3-7 ഉദ്ഘാടനം - ചെലവ് പരിധി ലംഘിച്ച് ചെലവ് നടത്തി

സപ്ലൈകോ സൂപ്പർ മാർക്കറ്റ് ഉദ്ഘാടനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 32,900/- രൂപ ചെലവഴിച്ചിട്ടുണ്ട് (വൗച്ചർ നം 21700262-21700270). സർക്കാർ ഉത്തരവ് (സാധാ) 3866/2015/തസ്വഭവ 28.12.2015പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് 25,000/- രൂപ വരെ ചെലവഴിക്കാവുന്നതാണ്. കൂടാതെ, പ്രസ്തുത പരിധിക്ക് അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറി ഉത്തരവാദിയായിരിക്കും. ഗ്രാമപഞ്ചായത്ത് 7900/- രൂപ അധികമായി ചെലവഴിച്ചു. അധികമായി ചെലവഴിച്ച 7900/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. കൂടാതെ 25000/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ നിരാകരിച്ച 7900/- രൂപയ്ക്ക് പുറമെ 25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-8 സ്റ്റോക്ക് ഭൗതിക പരിശോധന - കമ്പ്യൂട്ടർ കണ്ടെത്തിയില്ല

ചെങ്കൽ പഞ്ചായത്തിൽ 29.8.2018ൽ സ്റ്റോറുകളുടെയും സ്റ്റോക്കുകളുടെയും ഭൗതിക പരിശോധന നടത്തി. സ്റ്റോക്ക് രജിസ്റ്ററിൽ കാണുന്ന താഴെപ്പറയുന്ന ഇനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല അഥവാ ഹാജരാക്കിയില്ല.

1. കമ്പ്യൂട്ടർ - 1 (സ്റ്റോക്ക് രജിസ്റ്ററിൽ 'missed' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു)
2. സ്കാനർ - 1
3. പ്രിന്റർ - 1

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് സ്കാനർ പ്രവർത്തന രഹിതമായതിനാൽ ലേലത്തിൽ വിറ്റു എന്ന മറുപടിയാണ് ലഭിച്ചത്. ലേലം നടത്തിയിരിക്കുന്നത് 2018-19 സാമ്പത്തിക വർഷത്തിൽ ആണ്.

പ്രിന്റർ കേടായതിനാൽ സർവ്വീസിനായി നൽകിയെന്ന് മറുപടി നൽകി. സർവ്വീസിനായി നൽകിയ പ്രിന്ററിനെപ്പറ്റി യാതൊരു വിവരവും സ്റ്റോക്ക് രജിസ്റ്ററിലോ മറ്റ് രജിസ്റ്ററുകളിലോ രേഖപ്പെടുത്തിയിട്ടില്ല. പ്രിന്റർ പുറത്തേക്ക് കൊണ്ടുപോകുന്നതിന് സെക്രട്ടറി നൽകിയ അനുവാദമോ ഗേറ്റ് പാസിന്റെ പകർപ്പോ ഹാജരാക്കിയില്ല.

'Missed' എന്ന് രേഖപ്പെടുത്തിയിരിക്കുന്ന കമ്പ്യൂട്ടർ (Wipro - WIV68805) ശ്രീ.രാജ്കുമാർ, വൈസ് പ്രസിഡന്റിന് കൈമാറിയിട്ടുണ്ടെന്നും തിരികെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു. പഞ്ചായത്തിലെ ഒരു ആസ്തി നഷ്ടമായതായി സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ സെക്രട്ടറി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയിലോ മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികളിലോ ചർച്ചനടത്താൻ ആവശ്യമായ തുടർനടപടികൾ എടുത്തിട്ടില്ല. വർഷംതോറും സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ സെക്രട്ടറി ഭൗതിക പരിശോധന നടത്തുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് കമ്പ്യൂട്ടർ ശ്രീ. രാജ് കുമാറിന് കൈമാറി എന്നാണ് മറുപടി ലഭിച്ചത്.

കമ്പ്യൂട്ടർ മുഴുവൻ സമയത്തും പഞ്ചായത്തിൽ ഉണ്ടാകേണ്ടതും ശ്രീ രാജ്കുമാറിന് കൈമാറിയിട്ടുണ്ടെങ്കിൽ അത് പരിശോധന സമയത്തു ഹാജരാക്കേണ്ടത് ടിയാന്റെ ഉത്തരവാദിത്വവും ആണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് കമ്പ്യൂട്ടർ ശ്രീ.രാജ്കുമാറിന് കൈമാറി എന്നാണ് മറുപടി ലഭിച്ചത്. വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിക്കുകയും ആയതിന്മേൽ പരിശോധന നടത്തുന്നതാണെന്ന് പ്രസിഡന്റ് മറുപടി നൽകുകയും ചെയ്തു.

കമ്പ്യൂട്ടർ മോഷണം പോയിട്ടുണ്ടെങ്കിൽ ആയതു പ്രകാരമുള്ള തുടർ നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

3-9 യാത്രാബത്ത - അപാകതകൾ

i) **<u>ലോഗ് ബുക്ക് പരിശോധന</u>**

പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- 16.6.2017 ശേഷം യാത്ര ചെയ്ത വിവരങ്ങൾ യാത്ര ചെയ്ത ഉദ്യോഗസ്ഥൻ, കൺട്രോളിംഗ് ഓഫീസർ എന്നിവർ ഒപ്പുവെച്ചിട്ടില്ല
- സർക്കാർ നിർദേശമനുസരിച്ച് ഫുൾ ടാങ്ക് ഇന്ധനം നിറക്കുന്നില്ല
- ഓരോ മാസത്തിലും ഉള്ള ക്ലോസിങ് രേഖപ്പെടുത്തിയിട്ടില്ല

ഇന്ധന ക്ഷമത പരിശോധന നടത്തിയിട്ടില്ല

ii) **<u>സർക്കാർ ഉത്തരവ് പാലിക്കുന്നില്ല</u>**

വാഹനങ്ങളെ സംബന്ധിച്ച സർക്കാർ ഉത്തരവ് (എം.എസ്.)170/07/ധനവ്യയം തീയതി 30.06.2017 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

16.10.2017 ൽ പഞ്ചായത്തിൽനിന്നും രാവിലെ 9 മണിക്ക് പുറപ്പെട്ട് ആലപ്പുഴയിൽ പോയി തിരികെ 5മണിക്ക് വന്നതിന് യാത്രാബത്ത ഇനത്തിൽ 4000/-രൂപ ശ്രീ. വട്ടവിള രാജ്കുമാർ, പ്രസിഡന്റിന് നൽകിയിട്ടുണ്ട്. ബില്ലിൽ ബസിൽ യാത്ര ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചട്ടപ്രകാരം 24 മണിക്കൂറിൽ അവസാനിക്കുന്ന യാത്രക്ക് പരമാവധി ഒരു DA അനുവദിക്കാവുന്നതാണ്. ആയതിനാൽ 400/- രൂപയ്ക്കാണ് അർഹതയുള്ളത്. അധികമായി നൽകിയ 3600/- രൂപ ടിയാനിൽനിന്ന് തിരികെ ഈടാക്കേണ്ടതാണ് (21700881/1.1.2018)

iii) **<u>ചെലവു വൗച്ചറുകൾ ലഭ്യമല്ല</u>**

21700883/1.1.2018 8000 രൂപ യാത്രാബത്തായിനത്തിൽ ചെലവഴിച്ചിട്ടുണ്ട് എന്നാൽ 4000/- രൂപയുടെ ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ 4000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബില്ലുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

iv) **<u>ലോഗ് ബുക്ക്, യാത്രാബത്ത രേഖകൾ പൊരുത്തപ്പെടുന്നില്ല</u>**

പഞ്ചായത്ത് വാഹനത്തിൽ ലോഗ് ബുക്ക്, യാത്രാബത്ത രേഖകൾ ഇവ പരിശോധിച്ചപ്പോൾ പൊരുത്തക്കേടുകൾ കണ്ടു. കൂടാതെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത യാത്രകൾക്ക് വാഹനം ഉപയോഗിച്ചതായും പഞ്ചായത്ത് വാഹനം ഉപയോഗിച്ച് നടത്തിയ യാത്രകൾ ഉയർന്ന നിരക്കിൽ യാത്രാബത്ത അനുവദിച്ചതായും കണ്ടു.

ശ്രീ. വട്ടവിള രാജ്കുമാർ, പ്രസിഡന്റ്

തീയതി	ബിൽ പ്രകാരം നടത്തിയ യാത്ര	ലോഗ് ബുക്ക് പ്രകാരം നടത്തിയ യാത്ര	നൽകിയ തുക	അർഹമായ തുക	അധികം നൽകിയ തുക
15.6.2017	ജില്ലാ പഞ്ചായത്ത്	പാറശ്ശാല	400	200	200
20.6.2017	പി.എം.ജി	-	400	200	200
24.7.2017	സെക്രട്ടേറിയറ്റ്	-	400	200	200
21.8.2017	ഡി.പി.സി	ഓണാഘോഷം	4200	200	200
	ആകെ				800

അധികമായി അനുവദിച്ച തുക ശ്രീ. വട്ടവിള രാജ്കുമാർ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

v) <u>പഞ്ചായത്ത് വാഹനം ഉപയോഗിച്ച് നടത്തിയ യാത്രകൾ മുഴുവൻ നിരക്കിൽ യാത്രാബത്ത അനുവദിച്ച</u>

തീയതി	പഞ്ചായത്ത് വാഹനം ഉപയോഗിച്ച് നടത്തിയ യാത്ര	അനുവദിച്ച തുക	അനുവദിക്കേണ്ട തുക	അധികമായി അനുവദിച്ച തുക
ഷീല, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ				
27.4.2017	ശുചിത്വ മിഷൻ	400	200	200
30.4.2017	ക്ഷേമനിധി ബോർഡ്	400	200	200
02.05.2017	MLA സന്ദർശനം	400	200	200
	ആകെ			800
രാധമ്മ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ				
22.4.2017	കളക്ടറ്റ്	400	200	200
11.5.2017	കളക്ടറ്റ്	400	200	200
10.7.2017	ശില്പശാല തിരുവനന്തപുരം	400	200	200
2.8.217	മുഖ്യ മന്ത്രിയുടെ പരിപാടി തിരുവനന്തപുരം	400	200	200
	ആകെ			800
തോമസ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ				
27.4.2017	ശുചിത്വ മിഷൻ	400	200	200
2.5.2017	കളക്ടറ്റ്	400	200	200
2.8.2017	മുഖ്യ മന്ത്രിയുടെ പരിപാടി തിരുവനന്തപുരം	400	200	200
	ആകെ			600
പ്രശാന്ത്, മെമ്പർ				
26.4.2017	കനകക്കുന്ന്	320	160	160
4.7.2017	പാലക്കാട്	320	160	160
9.8.2017	കേരളോത്സവം	320	160	160

14.8.2017	കോഫി വാങ്ങാൻ	320	160	160
28.9.2017	എസ്.പി ഓഫീസ്	320	160	160
7.9.2017	വി.എസ് അച്യുതാനന്ദൻ സന്ദർശനം	320	160	160
26.9.2017	മന്ത്രി ഓഫീസ്	320	160	160
8.10.2017	കയർ മേള	320	160	160
9.10.2017	ജില്ലാ പഞ്ചായത്ത്	320	160	160
13.10.2017	മന്ത്രി ഓഫീസ്	320	160	160
	ആകെ			1600
ജയറാം, മെമ്പർ				
27.4.2017	ശുചിത്വ മിഷൻ	320	160	160
15.7.2017	വെള്ളയമ്പലം	320	160	160
7.9.2017	വി.എസ് അച്യുതാനന്ദൻ സന്ദർശനം	320	160	160
29.9.2017	മന്ത്രി ഓഫീസ്	320	160	160
8.10.2017	ആലപ്പുഴ	320	160	160
7.11.2017	മന്ത്രി ഓഫീസ്	320	160	160
23.11.2017	വാട്ടർ അനാലിസിസ് ലാബ്	320	160	160
	ആകെ			1120

അധികമായി അനുവദിച്ച തുകകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

3-10 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

എ) വ്യക്തിഗത അക്കൗണ്ടുകളിൽ തുക അനുവദിച്ചു

പദ്ധതിയുടെ പേര്	ജൈവ സമൃദ്ധി - ജൈവ പച്ചക്കറി കൃഷി
പദ്ധതി നം.	SO320/18

ഫണ്ടിനം	സാധാരണ വിഹിതം
അടങ്കൽ തുക	387000 (പഞ്ചായത്ത് വിഹിതം - 219900, ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവ് - 126300, ബ്ലോക്ക് വിഹിതം - 20400 ജില്ലാ പഞ്ചായത്ത് വിഹിതം - 20400)
ചെലവ്	260700
ബിൽ നമ്പർ, തീയതി	71/17-18, 27.03.2018

പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ ഗ്രാമ- ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി തുക വകയിരുത്തി പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയാണിത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉൾപ്പെടെ ഒരു ഗ്രൂപ്പിന് 4345/- രൂപ വീതം 60 യൂണിറ്റുകൾക്ക് ധനസഹായം അനുവദിച്ചു. ഇതിൽ 12യൂണിറ്റുകൾക്കുള്ള ധനസഹായം ജോയിന്റ് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു കൊടുക്കാതെ സ്വകാര്യ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു നൽകി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	അക്കൗണ്ട് ഉടമയുടെ പേര്	ബാങ്ക്	അക്കൗണ്ട് നം	യൂണിറ്റ് നം.
1	സുശീല	എസ്.ബി.ഐ	67219222883	1
2	സുമതി	കാനറ	3580101006863	5
3	ശ്യാമള	എസ്.ബി.ഐ	67258791308	3
4	സുരേന്ദ്രൻ	എസ്.ബി.ഐ	67041042468	5
5	സുകുമാരൻ	സിൻഡിക്കേറ്റ്	11142508	2
6	ജോൺസൺ	സിൻഡിക്കേറ്റ്	11140876	2
7	സുധ	കാനറ	0716101051100	5
8	ക്രിസ്തുദാസ്	എസ്.ബി.ഐ	67182281632	5
9	സുശീലാമ്മ	എസ്.ബി.ഐ	33689418271	2
10	സരള	സിൻഡിക്കേറ്റ്	40072210012948	1
11	ഗീതകുമാരി	സിൻഡിക്കേറ്റ്	4007200096861	2
12	സജിത എസ്.പി.	എസ്.ബി.ഐ	57060686212	4
ആകെ				37

മേൽപ്രകാരം 12 വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് 37 യൂണിറ്റുകൾക്കുള്ള 160765/- രൂപയുടെ ധനസഹായം നിക്ഷേപിച്ചതായി കണ്ടെത്തി. പച്ചക്കറി കൃഷി ചെയ്യുന്ന ഗ്രൂപ്പുകളുടെ ജോയിന്റ്

അക്കൗണ്ടുകളിൽ ധനസഹായം നിക്ഷേപിക്കുന്നതിന് പകരം വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ധനസഹായം നൽകിയത് ക്രമവിരുദ്ധമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 38/18) പച്ചക്കറി കൃഷിക്ക് വേണ്ടി താത്ക്കാലികമായി രൂപീകരിച്ച സംഘങ്ങളുടെ ലീഡർ എന്ന നിലയിലാണ് ഇപ്രകാരം ധനസഹായം അനുവദിച്ചതെന്ന് മറുപടി നൽകി. പ്രസ്തുത മറുപടി തൃപ്തികരമല്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ, സ്റ്റാന്റിംഗ് കമ്മിറ്റിയോ ശ്രദ്ധ പുലർത്തിയിട്ടില്ലായെന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

പദ്ധതിയുടെ പേര്	പാടശേഖര സമിതികൾക്ക് മിനി ട്രാക്ടറും ടില്ലറും സ്പ്രെയറും വാങ്ങൽ
പദ്ധതി നം.	SO336/18
അടങ്കൽ തുക	പഞ്ചായത്ത് വിഹിതം - 1000 ബ്ലോക്ക് വിഹിതം - 589918 മറ്റുളളവ (ഗുണഭോക്തൃവിഹിതം) - 70983 661901
ചെലവ്	590918
ചെക്ക്നം. തീയതി	6430035/28.03.2018 – Rs. 400950/- 6930034 /28.03.2018 – Rs. 189968/-

പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ട കീഴ്മാകം പാടശേഖര സമിതിക്കായി മിനി ട്രാക്ടറും ടില്ലറും സ്പ്രെയറുകളും വാങ്ങുന്നതിനായി പഞ്ചായത്തു വിഹിതമായി 1000/-രൂപയും ബ്ലോക്ക് പഞ്ചായത്തു വിഹിതമായി 589918/- രൂപയും മറ്റുള്ളവ (ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കൽ) 70983/- രൂപയും വകയിരുത്തി 661901/-രൂപ അടങ്കൽ നിശ്ചയിച്ചാണ് പദ്ധതി വിഭാവനം ചെയ്തത്. RAIDCOയിൽ നിന്നും ലഭ്യമായ മിനി ട്രാക്ടറും ടില്ലറും സ്പ്രെയറുകളും 27.09.2018 വരെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ കൈമാറിയപ്പോൾ പാടശേഖര സമിതിയുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തിരുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.38/18) മറുപടിയായി ഹാജരാക്കിയ പാടശേഖരസമിതിയുമായുള്ള കരാർ ചമച്ചത് 27.09.2018ൽ (ഓഡിറ്റ് കാലയളവിൽ) മാത്രമാണെന്ന് ബോധ്യപ്പെട്ടു. കൂടാതെ, മിനി ട്രാക്ടർ നാളിതുവരെ രജിസ്ട്രേഷൻ നടത്തിയിട്ടില്ലായെന്നും, രജിസ്ട്രേഷൻ നടപടികൾ തുടങ്ങിയതായും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

ചെങ്കൽ ഗ്രാമപഞ്ചായത്തിൽ 70 ഹെക്ടറിലധികം നെൽകൃഷി പാടങ്ങൾ ഉള്ളതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭ്യമായ ട്രാക്ടർ നാളിതുവരെ രജിസ്ട്രേഷൻ നടത്താത്തതും, പാടശേഖര സമിതിക്ക് കൈമാറാത്തതും ഗൗരവതരമായ അപാകതയായി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്തു ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. ട്രാക്ടറിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് പാടശേഖരസമിതിക്ക് കൈമാറിയതിനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. കൂടാതെ പാടശേഖരസമിതിക്ക് കൈമാറിയ യന്ത്രങ്ങളുടെ ഉപയോഗം സംബന്ധിച്ച് തുടർ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

3-11 പദ്ധതി അംഗീകാരത്തിന് വിരുദ്ധമായി നടപ്പിലാക്കി.

പദ്ധതിയുടെ പേര്	പഞ്ചായത്തിലെ സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ
പദ്ധതി നം	SO133/18
ഫണ്ടിനം	റോഡിതരം

അടങ്കൽ തുക	523200
ചെലവ്	523200
ബിൽ നം. , തീയതി	8/17-18, 21.03.2018

പഞ്ചായത്തിന് കൈമാറി കിട്ടിയ 11 സ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ആരോഗ്യ വിദ്യാഭ്യാസകാര്യ വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും കമ്പ്യൂട്ടർ നൽകി സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കാൻ ചർച്ച ചെയ്തതായി കാണുന്നു. എന്നാൽ മിനിട്സ് ബുക്കിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. സ്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചതായും രേഖപ്പെടുത്തിയിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 01.02.2018 ൽ പദ്ധതിയെക്കുറിച്ച് ചർച്ച നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. നിർവഹണ ഉദ്യോഗസ്ഥൻ 09.03.2018ൽ A/200/17-18-ാം നമ്പർ ആയി ടെണ്ടർ എടുത്ത Power CMS Technology ക്ക് നൽകിയ സപ്ലൈ ഓർഡറിന്റെ സൂചന 1ൽ ചെങ്കൾ ഗ്രാമപഞ്ചായത്തിന്റെ 24.02.2018ലെ തീരുമാന പ്രകാരമാണ് ടെണ്ടർ ഉറപ്പിച്ചതെന്ന് വിവരിക്കുന്നു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.02.2018ലെ യോഗമിനിട്സ് അജണ്ട 6 ൽ തീരുമാനം I - 25.01.2018 ന് കൂടിയ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 18.01.2018ന് ശേഷം 01.02.2018ന് മാത്രമാണ് കൂടിയിട്ടുള്ളത്. 01.02.2018 ൽ കൂടിയ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ സ്കൂളുകളിൽ കമ്പ്യൂട്ടർവത്കരണം നടത്തണമെന്ന് തീരുമാനം 1 ആയി ശുപാർശ ചെയ്തു. ഇതിൽ നിന്നും സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന് മുമ്പേ തന്നെ പഞ്ചായത്ത് 31.01.2018ൽ 2018DP-186438-1നമ്പർ ആയി ടെണ്ടർ ക്ഷണിച്ചതായി കാണുന്നു.

പദ്ധതി പ്രകാരം 11 സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ ആണ് ലക്ഷ്യമിട്ടത്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ 12 കമ്പ്യൂട്ടറുകൾ വാങ്ങുകയും 11 കമ്പ്യൂട്ടറുകൾ 11 സ്കൂളുകൾക്ക് കൊടുത്തതായും ഒരു കമ്പ്യൂട്ടർ പഞ്ചായത്ത് ഓഫീസിന്റെ ഉപയോഗത്തിനായി കൊടുത്തിട്ടുള്ളതായും വിതരണരജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി പദ്ധതി (റോഡിതരം) അംഗീകാരം വാങ്ങിയ ശേഷം, നിർവഹണ സമയത്ത് മാറ്റം വരുത്തി പഞ്ചായത്തിനു ആവശ്യമായ കമ്പ്യൂട്ടർ കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് വേണ്ടി അംഗീകരിച്ച പദ്ധതിയിൽ നിന്നും ഏറ്റെടുത്ത നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പഞ്ചായത്തിലെ സ്കൂളുകളുടെ കമ്പ്യൂട്ടർ വത്ക്കരണത്തിനായി വാങ്ങിയതിൽ നിന്നും പഞ്ചായത്തിലെ ഉപയോഗത്തിനായി എടുത്തിട്ടുള്ള കമ്പ്യൂട്ടർ തിരികെ സ്കൂളുകളുടെ ആവശ്യത്തിലേക്ക നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബന്ധപ്പെട്ട ആരോഗ്യ വിദ്യാഭ്യാസകാര്യ വർക്കിംഗ് ഗ്രൂപ്പും, സ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ട വിധം പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് വ്യക്തമാണ്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും, വിദ്യാലയങ്ങൾക്ക് നൽകിയിട്ടുള്ള കമ്പ്യൂട്ടറുകളുടെ ഉപയോഗം സംബന്ധിച്ച് തുടർ മോണിട്ടറിംഗ് ഉണ്ടാകേണ്ടതുമാണ്.

3-12 ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നിർവഹിച്ച മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ചതിൽ സർക്കുലർ നം. 1/1559/2010/സി.ഇ./ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതായി കാണുന്നു.

1) ഗുണഭോക്തൃ സമിതികൾ ആകെ ഒരു തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ- കൺവീനറുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പിന്. പ്രവൃത്തിയുടെ നിർവഹണം, മോണിട്ടറിംഗ്, വരവ് ചെലവ് കണക്കുകളുടെ പരിശോധന എന്നിവയൊന്നും ഗുണഭോക്തൃ സമിതി വിലയിരുത്തുകയോ, യോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

2)ഗുണഭോക്തൃസമിതി കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിലൂടെ തുക അനുവദിക്കുന്നതിനു പകരം കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലാണ് ബിൽ തുക അനുവദിച്ച് നൽകിയത്.

3) പ്രവൃത്തികൾക്കായി വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക ഇടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെങ്കിലും അപ്രകാരം ചെയ്തിട്ടില്ല..

4) ചെലവു വൗച്ചറുകൾ ആധികാരികമല്ല. ചെലവുകൾക്ക് ക്യാഷ് ബില്ലുകൾക്ക പകരം ഇൻവോയ്സ് ബില്ലുകളാണ് സമർപ്പിച്ചിരിക്കുന്നത്. മസ്റ്റർ റോളുകളിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ച് ആധികാരികമാക്കിയിട്ടില്ല.

5) കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനം ദിനജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

6) ബിൽ തുക അനുവദിക്കുന്നതിന മുൻപ് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് പരിശോധിക്കണമെങ്കിലും, അപ്രകാരമുള്ള പരിശോധന നടത്താതെയാണ് നിർവഹണാധികാരി ബിൽ അനുവദിച്ച നൽകിയിരിക്കുന്നത്.

7) ചെലവ് തുകയിലും അധികമായി ബിൽ തുക അനുവദിച്ചു.

ഗുണഭോക്തൃ സമിതിക്കുണ്ടായ യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. എന്നാൽ, ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്ക് ഗുണഭോക്തൃസമിതി ലഭ്യമാക്കിയ ചെലവ് വൗച്ചറുകളിലും അധികമായി തുക അനുവദിച്ചു. വിശദ വിവരം അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

ലഭ്യമാക്കിയ ചെലവ് വൗച്ചറുകളിലും അധികമായി ചെലവു ചെയ്യുവാനുണ്ടായ സാഹചര്യം അന്വേഷിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങളിൽ (നം. 19/17-18/26.09.2018, 31/17-18/27.09.18) ആദ്യത്തതിന് മറുപടി തയ്യാറാക്കി വരുന്നതായും, അടുത്തതിന് മസ്റ്റർ റോളുകൾ വരവ് ചെലവ് കണക്ക് എസ്റ്റിമേറ്റ് തുകയിൽ നിന്നും അധികരിച്ചാണ് പൂർണ്ണമായും പൂർത്തീകരിച്ചിട്ടുള്ളതെന്നുമുള്ള തൃപ്തികരമല്ലാത്ത മറുപടിയാണ് ലഭ്യമാക്കിയത്.

ഗുണഭോക്തൃ സമിതി നിർവഹിക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നിരീക്ഷിക്കുന്നതിലും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പുവരുത്തുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും പരാജയപ്പെട്ടതായി വിലയിരുത്തുന്നു. ലഭ്യമാക്കിയ ചെലവു വൗച്ചറുകളിലും അധികമായി ബിൽ തുക അനുവദിച്ചത് ക്രമവിരുദ്ധമായതിനാൽ 10,18,285/- രൂപയുടെ അധിക ചെലവ് തടസ്സപ്പെടുത്തുന്നു.

3-13 ഓട്ടോറിക്ഷ വാങ്ങൽ(ജനറൽ)- പദ്ധതി പൂർണമായും നടപ്പിലായില്ല- തുക തിരികെ അടയ്ക്കേണ്ടതാണ്.

പ്രൊജക്റ്റിന്റെ നം/പേര് :108/18 (ഓട്ടോറിക്ഷ വാങ്ങൽ(ജനറൽ) -സ്പിൽ ഓവർ

അടങ്കൽ :560000 (പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ് : 270000 (ബിൽ നം 2/17-18 തിയതി 02.08.17)

നിർവഹണ ഉദ്യോഗസ്ഥ :വി.ഇ.ഒ

സ്വയം തൊഴിലിന് ആസ്തികൾ സൃഷ്ടിക്കുന്നതിനായുള്ള മേൽ പ്രൊജക്റ്റിൽ പൊതുവിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനായി കേരള ഗ്രാമീൺ ബാങ്കിന് ബിൽ നം 2 പ്രകാരം 270000/- രൂപ നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 403481013050114, ഉദിയൻകുളങ്ങര ശാഖ). പ്രൊജക്റ്റ് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 13-ാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗരേഖ ജി.ഒ(എം.എസ്) നം 80/17 തസ്വഭവ തിയതി 03.04.17 (ഖ 8.7) പ്രകാരം സ്വയം തൊഴിൽ സംരംഭമായ മേൽ പ്രൊജക്റ്റ് വായ്പാബന്ധിതമായാണ് തയാറാക്കേണ്ടത്. എന്നാൽ സ്വലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം വായ്പ/മറ്റുള്ളവ ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല.

2.ധനസഹായതുക ബാക്ക് എൻഡ് സബ്സിഡിയായാണ് ബാങ്കിലേയ്ക്ക് കൈമാറേണ്ടത് എന്നിരിക്കെ വായ്പ അനുവദിക്കുന്നതിന് മുൻപുതന്നെ മുൻകൂറായി പ്ലാൻഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഗ്രാമീൺബാങ്കിന് നൽകിയിരിക്കുന്നു. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 9 പേർക്ക് വായ്പ നൽകാൻ തയാറാണെന്നുള്ള ബാങ്കിന്റെ കത്തിന്റെ അടിസ്ഥാനത്തിലാണ് 270000/- രൂപ പിൻവലിച്ച് കേരള ഗ്രാമീൺബാങ്കിന് നൽകിയിരിക്കുന്നത്. എന്നാൽ തുക ബാങ്കിന് നൽകുന്നതിന് മുൻപായി നിർവഹണഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുമായി കരാർ

വച്ചിട്ടില്ല, യാതൊരു വിവരങ്ങളും രേഖപ്പെടുത്താതെ 200 രൂപയുടെ മുദ്രപ്പത്രം മാത്രമാണ് ഫയലിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്.

3. നിലവിൽ പ്രാബല്യത്തിലുള്ള ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ലഭിച്ചവരായിരിക്കണം ഗുണഭോക്താക്കൾ എന്ന വിവരവും ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ പരിശോധിച്ചിട്ടില്ല.

ഉദാഹരണമായി സാബു. ജി , ഇടവിളാകത്ത് വീട് (ഡ്രൈവിംഗ് ലൈസൻസ് നം പി.എസ്.എ/272/03) എന്ന ഗുണഭോക്താവിന്റെ ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി 15.02.07(ട്രാൻസ്പോർട്ട് വെഹിക്കിൾ) ലും അജി.കെ , തച്ചൻവിളവീട് എന്ന ഗുണഭോക്താവിന്റെ ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി (20/21/1998/NTA) 15.10.2016 ലും (ട്രാൻസ്പോർട്ട് വെഹിക്കിൾ) അവസാനിച്ചിരുന്നു.

9 ഗുണഭോക്താക്കളിൽ ഒരാൾ മാത്രമേ ഓട്ടോ വാങ്ങിയിട്ടുള്ളൂ (ആർ സി ബുക്ക് ഹാജരാക്കിയിട്ടുണ്ട്).ഗ്രാമീൺ ബാങ്കിന് നൽകിയതുകയിൽ 240000/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 16 തീയതി 25.09.18) ബാക്കി തുക തിരിച്ചടക്കുന്നതിനായുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

മാനദണ്ഡങ്ങൾ പാലിക്കാതെയും ആവശ്യകത ഉറപ്പാക്കാതെയും പിൻവലിച്ച പദ്ധതിതുക 270000/- രൂപയിൽ ചെലവഴിക്കാതെ/ക്രമീകരിക്കാതെ അവശേഷിക്കുന്ന 240000/- രൂപ യുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക (240000/- രൂപ)ബാങ്കിൽ നിന്നും ലഭ്യമായ പലിശ ഉൾപ്പെടെ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-14 ബഡ്സ് സ്കൂൾ - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ അധ്യാപികയേയും ആയയേയും നിയമിച്ചു.

പ്രോജക്ട് നം. : So 137/18
പ്രോജക്ടിന്റെ പേര് : ബഡ്സ് സ്കൂൾ ടീച്ചർക്ക് ഹോണറേറിയം

അടങ്കൽ തുക : 2,16,000/-

ചെലവ് തുക : 61200 - തനത് ഫണ്ട്

ചെക്ക് നം. : 1075542 തീയതി 18.08.2017 - 48000/-

ഡി.ഡി.നം.0121120 തീയതി 11.09.2017 12000 + 1200 = 13200/-

ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 08/11/2016-ലെ ജനറൽ കമ്മിറ്റി മീറ്റിംഗിൽ തീരുമാനം II (iii) ആയി 2016-17 വർഷത്തിൽ ഒരു ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിനായും അതിനായി പ്രോജക്ട് നം.60/16 ആയി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തന സൗകര്യം ഒരുക്കലിനായി വികസന ഫണ്ടിൽ നിന്നും 1,00,000/-രൂപയും പ്രോജക്ട് 62/16 ആയി ബഡ്സ് സ്കൂൾ ഫീഡിംഗിനായി 75,000/- രൂപയും പ്രോജക്ട് നം.63ആയി ജീവനക്കാർക്ക് ഹോണറേറിയം ഇനത്തിൽ 1,00,000/-രൂപയും വകയിരുത്തി പഞ്ചായത്തിന്റെ കീഴിലുള്ള പൊറ്റയിൽ എന്ന സ്ഥലത്തെ കെട്ടിടം അതിനായി ഉപയോഗിക്കാൻ തീരുമാനിക്കുകയും ചെയ്തു. 08.11.2016-ലെ തീരുമാനം II (iv) ആയി ബഡ്സ് സ്കൂൾ ടീച്ചറെയും ആയയേയും തെരഞ്ഞെടുക്കുവാൻ ഒരു ഇന്റർവ്യൂ ബോർഡ് രൂപീകരിച്ചു. 25.11.2016-ലെ A6-324/16 നമ്പർ പത്രപരസ്യം വഴി 19.12.2016-ലെ ഇന്റർവ്യൂ പ്രകാരം ടീച്ചർ ആയി ശ്രീമതി. ലിജി. എസ്.ആർ. ആയയായി ശ്രീമതി. രജനി. ആർ എന്നിവരെ തെരഞ്ഞെടുത്തു. 28.12.2016-ലെ തീരുമാനം I ആയി നിയമനം അംഗീകരിച്ചു. 20.03.2017-ൽ കൂടിയ ജനറൽ കമ്മിറ്റിയുടെ തീരുമാനം I(9) പ്രകാരം ജില്ലാ പ്ലാനിംഗ് ആഫീസിൽ നിന്നും അംഗീകാരം ലഭിച്ച പദ്ധതികളിൽ പ്രോജക്ട് നമ്പർ 63/16 പ്രകാരം ബഡ്സ് സ്കൂൾ ടീച്ചർക്ക് ഓണറേറിയം എന്ന പദ്ധതിയിൽ 14,000/-രൂപ ചെലവ് വന്നതായും പ്രോജക്ട് 62/14, 60/14 എന്നിവ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കാത്തതിനാൽ ഉപേക്ഷിക്കാനും തീരുമാനിച്ചു. ഇതിൽ നിന്നും 2016-17 വർഷത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു.

ബഡ്സ് സ്കൂൾ റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിനായി ഉള്ള നിർദ്ദേശമോ ചർച്ചയോ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ, സ്റ്റാൻഡിംഗ് കമ്മിറ്റിയോ, 2016-17 വർഷത്തിൽ ചർച്ച ചെയ്തിട്ടില്ലായെന്ന് കാണുന്നു.

കൂടാതെ 22/09/2018-ലെ 6/18 നമ്പർ എൻക്വയറിയ്ക്കുള്ള മറുപടിയിൽ ബഡ്സ് സ്കൂൾ 2018 ജൂൺ മാസം പ്രവർത്തനം അനുവദിച്ചതായി അറിയിച്ചു. 20/04/2018-ലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നോട്ടീസ് ബുക്കിൽ ബഡ്സ് സ്കൂൾ ഉദ്ഘാടനം അജണ്ടയായി ചേർത്തിട്ടുണ്ട്. 2017-18 വർഷത്തിൽ പഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ ബഡ്സ് സ്കൂൾ കുട്ടികളുടെ എണ്ണമോ, അധ്യാപകരുടെ എണ്ണമോ ചേർത്തിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ വിവരിക്കുന്നു.

1. ബഡ്സ് സ്കൂൾ ടീച്ചറെ നിയമിക്കാൻ 2016-17 വർഷത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ, സ്റ്റാൻഡിംഗ് കമ്മിറ്റിയോ, ചർച്ച ചെയ്ത് ശുപാർശ നൽകിയിട്ടില്ല.

2. ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത് 2018 ജൂൺ മാസത്തിൽ ആണ്. എന്നാൽ ടീച്ചറെ നിയമിച്ചത് 20/01/2017-ൽ ആണ്. അധ്യാപനം നടത്താത്ത ടീച്ചർക്ക് ഓണറേറിയം ഇനത്തിലും ഉത്സവബത്ത ഇനത്തിലും നൽകിയ (60000 + 1200) 61200/-രൂപ പാഴ് ചെലവായി.

3. ബഡ്സ് സ്കൂൾ പ്രവർത്തനത്തിനായുള്ള ഫീൽഡ് സന്ദർശനത്തിനായി ടീച്ചറെ ഉപയോഗിച്ചു. പഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് ടീച്ചറെയും ആയയെയും നിയമിച്ചത്.

ഇതിൽ നിന്നും വ്യക്തമായ ആസൂത്രണം ഇല്ലാതെയാണ് ജനറൽ കമ്മിറ്റി ബഡ്സ് സ്കൂൾ സ്ഥാപിക്കാൻ തീരുമാനിച്ചതും ടീച്ചറെയും ആയയെയും നിയമിച്ചത് എന്നും വ്യക്തമാകുന്നു.

3-15 അസിസ്റ്റൻറ് സെക്രട്ടറി നിർവഹിച്ച പദ്ധതികൾ - പ്രധാന അപാകങ്ങൾ

- ഭവന പുനരുദ്ധാരണം എസ് സി(വനിത) എന്ന പദ്ധതി വിഭാവനം ചെയ്യുകയും അതിലേക്കായി 500000/- രൂപ വകയിരുത്തുകയും ചെയ്തു. ഒരു ഗുണഭോക്താവിന് 25000/-രൂപ നിരക്കിൽ 6 ഗുണഭോക്താക്കൾക്കായി 150000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് രേഖകൾ പരിശോധിച്ചതിൽ ഒരു ഗുണഭോക്താവിന് നൽകേണ്ട ആനുകൂല്യ തുക എത്രയാണെന്നോ എത്ര ഗുണഭോക്താക്കൾക്കായിട്ടാണ് അടങ്കൽ തുക വിലയിരുത്തിയിരിക്കുന്നതെന്നോ വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ഡാറ്റാ എൻട്രി സമയത്ത് തുക നൽകാൻ വിട്ടുപോയി എന്ന മറുപടിയാണ് ലഭിച്ചത്

- ആശ്രയ വീട് മെയിന്റനൻസ് എന്ന പദ്ധതിയിൽ ലീല എന്ന വ്യക്തിക്ക് 25000/-രൂപ വീട് മെയിന്റനൻസിന് ആനുകൂല്യം നൽകിയിട്ടുണ്ട്. സെക്രട്ടറിയുടെ 27.3.2017 ലെ സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത ഗുണഭോക്താവിന്റെ വീട് നിർമ്മിച്ചിരിക്കുന്നത് 2010-11 ലാണ്. എട്ടുവർഷം പൂർത്തിയാകാത്ത വീടിനാണ് മെയിന്റനൻസിന് ആനുകൂല്യം നൽകിയത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് 2006ലാണ് വീട് നിർമ്മിച്ചതെന്നും 2011 ലാണ് കറണ്ട് കണക്ഷൻ ലഭിച്ചതെന്നും മറുപടി നൽകി. മേൽപറഞ്ഞ മറുപടി അംഗീകരിക്കാൻ കഴിയില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

- യുവജന കായിക വികസന പരിപാടി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുകയും അതിലേക്കായി 47030/- രൂപ ചെലവഴിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

  - കായിക പരിശീലനം നൽകുന്നതിന് പദ്ധതി രൂപീകരിച്ചതെങ്കിലും കായിക പരിശീലനം എന്ന ലക്ഷ്യം പ്രോജക്ടിൽ ഉണ്ടായില്ല. പകരം ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ എന്നീ മത്സരങ്ങൾ നടത്തുകയാണ് ഉണ്ടായത്

  - മത്സരങ്ങൾക്കായി വോളിബോൾ, ക്രിക്കറ്റ് ബാറ്റ്, ഫുട്ബോൾ എന്നിവ വാങ്ങുകയും 3 ക്ലബ്ബുകൾക്ക് വിതരണം ചെയ്യുകയും ചെയ്തു. മേൽപ്പറഞ്ഞ ക്ലബ്ബുകളെ എങ്ങനെ തിരഞ്ഞെടുത്തു എന്നത് വ്യക്തമല്ല

- കൂടാതെ 20200/- രൂപയ്ക്ക് ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ ജേഴ്സികൾ വാങ്ങി മൂന്ന് ക്ലബ്ബുകൾക്ക് നൽകിയിട്ടുണ്ട്. ക്ലബ്ബുകളെ തിരഞ്ഞെടുത്ത രീതി എന്താണെന്ന് വ്യക്തമല്ല. കായിക പരിശീലനത്തിനായി തയ്യാറാക്കിയ പദ്ധതിയിൽ കായിക പരിശീലനം നൽകാതെ ജഴ്സി വാങ്ങിയ നടപടി അംഗീകരിക്കാൻ കഴിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് നൽകിയ മറുപടി തൃപ്തികരമല്ല.

  മേൽ വിഷയങ്ങളിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3-16 രൂപീകരണത്തിലെ പാളിച്ച - പദ്ധതി നടപ്പിലാക്കിയില്ല

പട്ടികജാതി യുവാക്കൾക്കായി ഓട്ടോറിക്ഷ വിതരണം എന്ന പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും അതിനായി 350000/- രൂപ വകയിരുത്തുകയും ചെയ്തു. വായ്പാ ബന്ധിതമായാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ പദ്ധതി നടപ്പിലാക്കിയില്ല. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് വായ്പക്കായി വിവിധ ബാങ്കുകളെ സമീപിച്ചുവെങ്കിലും ബാങ്കുകൾ വായ്പ നൽകാൻ വിസമ്മതിച്ചു എന്ന മറുപടിയാണ് ലഭിച്ചത്. മേൽപ്പറഞ്ഞ മറുപടി അംഗീകരിക്കാൻ കഴിയില്ല. സർക്കാർ ഉത്തരവ് പ്രകാരം വായ്പാ ബന്ധിത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനു മുമ്പ് വർക്കിംഗ് ഗ്രൂപ്പുകൾ ബാങ്കിംഗ് അതോറിറ്റിയുമായി ചർച്ച നടത്തേണ്ടതുണ്ട്. ബാങ്കുകളുമായി ചർച്ച നടത്തിയതിനു ശേഷമാണ് അന്തിമ വാർഷിക പദ്ധതിയിൽ വായ്പ ബന്ധിത പ്രോജക്ട് ഉൾപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം ചർച്ച നടത്താതെ പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വരികയും ചെയ്തു . ഇത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
കേന്ദ്രവിഹിതം	2017	800000	അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി	663676	136324
ജില്ലാ പഞ്ചായത്ത്	2017	231875	മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്	231875	0
ബ്ലോക്ക് പഞ്ചായത്ത്	2017	231875	മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്	231875	0
ജില്ലാ പഞ്ചായത്ത്	2017	277313	സമഗ്രനെൽകൃഷി വികസനം	277313	0
ബ്ലോക്ക് പഞ്ചായത്ത്	2017	277312	സമഗ്രനെൽകൃഷി വികസനം	277313	
ജില്ലാ പഞ്ചായത്ത്	2017	850000	ക്ഷീരകർഷകർക്ക് പാൽ സബ്സിഡി (വനിത)	850000	0

ബ്ലോക്ക് പഞ്ചായത്ത്	2017	20400	ജൈവസമൃദ്ധി- ജൈവപച്ചക്കറികൃഷി	20400	0
ബ്ലോക്ക് പഞ്ചായത്ത്	2017	20400	ജൈവസമൃദ്ധി- ജൈവപച്ചക്കറികൃഷി	20400	0

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതു സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം./ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
1	കെ.എസ്.ഇ.ബി.	5-ാം വാർഡിൽ - സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനും പോസ്റ്റ് ഷിഫ്റ്റിംഗും	ലഭ്യമല്ല	49810	49810	0
2	കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	ലഭ്യമല്ല	1000000	1000000	0
4	ഐ.കെ.എം	ഐ.കെ.എം ന് തുക കൈമാറൽ	ലഭ്യമല്ല	118350	118350	0

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക	ഈ വർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ്. ഭവന പദ്ധതി	സ.ഉ (സാ) നം.275/2010 ത.സ്വ.ഭ.വ തീയതി 20.01.2010	18000000	3600000	2268359	-	1331641

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

ഓഡിറ്റ് വർഷത്തെ ആകെ വരവ്	95800732
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	93374795
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	276510

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1101844

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ക്രമ നം.	ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
		ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
1	3-3		25010	ശ്രീ.സി.വി. ചന്ദ്രലാൽ, സെക്രട്ടറി
2	3-7		7900	ശ്രീമതി.ഷീബ. കെ.എസ്, സെക്രട്ടറി
3	3-9(ii)		3600	ശ്രീ.സി.വി. ചന്ദ്രലാൽ, സെക്രട്ടറി
4	3-13		240000 + പലിശ	സ്മിതാരാജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
	ആകെ		276510	

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-4	28900	ശ്രീ.സി.വി. ചന്ദ്രലാൽ, സെക്രട്ടറി
3-6	25659	ശ്രീ.സി.വി. ചന്ദ്രലാൽ, സെക്രട്ടറി
3-7	**25000**	ശ്രീമതി.ഷീബ. കെ.എസ്, സെക്രട്ടറി
3-9(iii)	**4000**	ശ്രീ.സി.വി. ചന്ദ്രലാൽ, സെക്രട്ടറി
3-12(7)	**1004652** **13633**	ലിജു.എൽ.എസ്, അസി. എഞ്ചിനീയർ ജ്യോതിസ്, അസി. എഞ്ചിനീയർ
ആകെ	**1101844**	

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ

നഷ്ടത്തിന്റെ വിവരം

ക്രമ നം.	ഖണ്ഡിക നം.	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1	3-5	6300	ശ്രീ.സി.വി. ചന്ദ്രലാൽ, സെക്രട്ടറി

(ഇ) സത്യം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന സമ്പത്തിനുത്തരവാദികളായവരുടെ

സ്ഥിരം മേൽവിലാസങ്ങൾ

ക്രമ നം.	പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1	ശ്രീ.സി.വി. ചന്ദ്രലാൽ, സെക്രട്ടറി	സെക്രട്ടറി, ചെങ്കൽ ഗ്രാമപഞ്ചായത്ത്	നാരായണീയം, V.P.3/74-A, കണ്ണറക്കുഴി, പുളിയറക്കോണം
2	ശ്രീമതി.ഷീബ. കെ.എസ്, സെക്രട്ടറി	-	സിതാര, കരമനാട് ലെയിൻ, തമലം, പൂജപ്പുര പി.ഒ, തിരുവനന്തപുരം
3	ശ്രീമതി.സ്മിതാരാജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ		പടവിളാകത്ത് വീട്, പുഴിക്കുന്ന്, വെങ്ങാനൂർ പി.ഒ.

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
2001-02	കെ.എസ്.എ.റ്റി.വി.എം.ജി.പി1/1247/18തീയതി 08.06.18	1	
2002-03	കെ.എസ്.എ.റ്റി.വി.എം.ജി.പി1/1247/18തീയതി 08.06.18	10	
2003-04	കെ.എസ്.എ.റ്റി.വി.എം.ജി.പി1/1247/18തീയതി 08.06.18	5	
2004-05	എൽ.എഫ്.റ്റി.ഡി.ജി.പി/1/1631/08തീയതി 15-11-10	15	
2005-06	എൽ.എഫ്.റ്റി.ഡി.ജി.പി/1/1641/08തീയതി 23-7-09	6	
2006-07	എൽ.എഫ്.റ്റി.ഡി.ജി.പി/1/1251/09തി.22-3-10	12	

2007-08	എൽ.എഫ്.ടി.ഡി.ജി.പി/1/545/11 തീയതി 9-5-2012	14	
2008-09	എൽ.എഫ്.ടി.ഡി.ജി.പി/1/546/11 തീയതി 13-06-12	12	
2009-10	എൽ.എഫ്.ടി.ഡി.ജി.പി/1/331/11 തീയതി 05-04-13	10	
2010-11	എൽ.എഫ്.ടി.ഡി.ജി.പി/1/970/13 തി.12-11-13	9	
2011-12	എൽ.എഫ്.ടി.ഡി.ജി.പി.1/1820/13 തി.12-3-14	09	
2012-13	എൽ.എഫ്.ടി.ഡി.ജി.പി.1/1145/2014 തീയതി-15-10-2014	12	
2013-14	കെ.എസ്.എ.ടി.വി.എം.ജി.പി1/686/15, തി. 11-09-2015	26	
2014-15	കെ.എസ്.എ.ടി.വി.എം.ജി.പി1/1374/2016, തീയതി 01-08-2016	23	
2015-16	കെ.എസ്.എ.ടി.വി.എം.ജി.പി1/2132/2016, തീയതി 11-12-2016	18	
2016-17	കെ.എസ്.എ ടി.വി.എം.ജി.പി1/1877/17 തീയതി 19.09.17	24	

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികാ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ചെങ്കൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം – 2

ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	എം ബുക്ക് നം.	ബിൽ നം./ തിയതി	കൺവീനർ	ചെലവഴിച്ച തുക (എം ബുക്ക് പ്രകാരം)	വൗച്ചർ പ്രകാരം തുക	വ്യത്യാസം	കുറിപ്പ്
1	33/18	[illegible]	498/15-16	7/17-18, 19.06.17	[illegible]	497844	471135	26709	
2	22/18	[illegible]	554/16-17	21/17-18, 1.07.17	[illegible]	178528	169713	8815	
3	23/18	[illegible]	536/16-17	20/17-18, 01.07.17	[illegible]	483274	376400	106874	
4	26/18	[illegible]	537/16-17	31/17-18, 01.07.17	[illegible]	413115	348100	65015	

5	31/18	കണ്ണംകരി മാതനിർമ്മാണം	451/16-17	18/17-18, 01.07.17	മനോജ്	191431	0	191431	വൗച്ചർ ഫയലിൽ ലഭ്യമല്ല
6	57/18	തൊപ്പിൽവിള സന്തോഷ്നഗർ റോഡ് നിർമ്മാണം	510/16-17	17/17-18, 01.07.17	ഷിഹാബ് എം.ആർ	194500	0	194500	വൗച്ചർ ഫയലിൽ ലഭ്യമല്ല
7	71/18	മേനിപ്പള്ളി നടപ്പാത	396/16-17	42/17-18, 17.07.17	മധുമോ മോഹൻ	250000	0	250000	വൗച്ചർ ഫയലിൽ ലഭ്യമല്ല
8	42/18	പനവിള കട്ടമര മെറ്റലിംഗ് ടാറിംഗ്	522/16-17	30/17-18, 01.07.17	സുധാകരൻ കെ.	309141	267500	41641	
9	89/18	ഇടത്തിക്കോണം കുടിവെള്ള പദ്ധതി	516/16-17	15/17-18, 24.06.17	എസ് ഉത്തമ പ്രസാദ്	250000	244244	5756	
10	64/18	തച്ചംവിളാകം കൊടുങ്ങല്ലൂർ നവകേരള് മെറ്റലിംഗ്	534/16-17	25/17-18, 01.07.17	ശശിധരൻ	389687	370796	18891	
11	46/18	പേരൂർക്കട പുല്ലുക്കളും ഓട മെയിന്റനൻസ്	569/16-17	TSB1075526/ 10.07.17	അനൂപ് എസ്.എസ്	448789	439524	9265	
12	34/18	കരിവിളാകത്തിൽ മട്ടപ്പാറ് റട-ടാറിംഗ്	520/16-17	33/17-18,01.07.17	അനിൽകുമാർ	292255	206500	85755	
13	53/18	പി. എച്ച്.സി. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ	559/16-17	131/17-18 PHC, 28.03.18	ഉണ്ണികൃഷ്ണൻ നായർ	299558	285925	13633	
						4198122	3179837	1018285	

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം - 3

അനുവദനീയമല്ലാത്ത യാത്രാബത്ത സംബന്ധിച്ച വിശദാംശങ്ങൾ

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്	യാത്രാ തീയതി	യാത്ര ചെയ്ത സ്ഥലം	ദൂരം കി.മീ	വൗച്ചർ നമ്പർ/ തീയതി
1	എം.ജറാഡ് അസിസ്റ്റന്റ് സെക്രട്ടറി	05.04.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		23.04.17	പാറശ്ശാല കല്യാണ മണ്ഡപം (ട്രെയിനിംഗ്)	6.5	21700640/23.10.17
		09.06.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
2	റ്റി.വേൽമുരുകൻ. ജൂനിയർ സൂപ്രണ്ട്	15.04.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17

3	പി.വിജയകുമാരി. അസിസ്റ്റന്റ് സെക്രട്ടറി	27.06.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
4	കെ.എം.ക്രിസ്തുരാജൻ സീനിയർ ക്ലർക്ക്	21.06.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
5	കെ.ആർ.ഷിബ ഓഫീസ് അറ്റൻഡന്റ്	16.06.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		19.06.17	പാറശ്ശാല എസ്.ബി.റ്റി	6.5	21700640/23.10.17
		21.06.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		23.06.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		30.06.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		01.03.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		06.03.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		09.03.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		10.03.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		15.03.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		17.03.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		18.03.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		20.03.17	പാറശ്ശാല എസ്.ബി.റ്റി	6.5	21700640/23.10.17
		21.03.17	പാറശ്ശാല എസ്.ബി.റ്റി	6.5	21700640/23.10.17
		22.03.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		28.03.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		29.03.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		01.06.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17
		06.06.17	പാറശ്ശാല ട്രഷറി	6.5	21700640/23.10.17

6	ആർ.ഷീല ഓഫീസ് അറ്റൻഡന്റ്	07.03.17	പാറശ്ശാല ട്രഷറി, എസ്.ബി.റ്റി	6.5	21700640/23.10.17
7	പി.വിജയകുമാരി അസിസ്റ്റന്റ് സെക്രട്ടറി	04.08.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
		07.08.17	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്	6.5	21700905/12.01.18
		10.08.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
		30.08.17	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്/ശ്രീ.സി.വി. ചന്ദ്രലാൽ, സെക്രട്ടറി	6.5	21700905/12.01.18
		09.10.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
		21.10.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
		24.10.17	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്	6.5	21700905/12.01.18
8	റ്റി.വേൽമുരുകൻ. ജൂനിയർ സൂപ്രണ്ട്	05.08.17	നെയ്യാറ്റിൻകര താലൂക്ക് ഓഫീസ്	6	21700905/12.01.18
		24.10.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
9	എ.എസ്.കനകരാജ് അക്കൗണ്ടന്റ്	23.08.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
		10.10.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
		11.10.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
10	കെ.എം.ക്രിസ്തുദാസൻ സീനിയർ ക്ലർക്ക്	29.08.17	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്	6.5	21700905/12.01.18
		13.10.17	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്	6.5	21700905/12.01.18
		24.10.17	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് ക്ഷീരവികസന ഓഫീസ്	6.5	21700905/12.01.18

11	സജി.ജി സീനിയർ ക്ലർക്ക്	05.05.17	നെയ്യാറ്റിൻകര താലൂക്ക് ഓഫീസ്	6	21700905/12.01.18
12	പ്രശാന്ത് ക്ലർക്ക്	19.10.17	നെയ്യാറ്റിൻകര എംപ്ലോയ്മെന്റ്	6	21700905/12.01.18
13	ആർ.ഷീല ഓഫീസ് അറ്റൻഡന്റ്	18.09.17	നെയ്യാറ്റിൻകര എൻ.എസ്.സി ഓഫീസ്	6	21700905/12.01.18
14	കെ.ആർ.ഷീബ ഓഫീസ് അറ്റൻഡന്റ്	02.08.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
		11.08.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
		18.08.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
		24.08.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
		14.09.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
		16.09.17	നെയ്യാറ്റിൻകര താലൂക്ക് ഓഫീസ്	6	21700905/12.01.18
		25.09.17	നെയ്യാറ്റിൻകര വാട്ടർ അതോറിറ്റി ഓഫീസ്	6	21700905/12.01.18
		13.10.17	പാറശ്ശാല ട്രഷറി	6.5	21700905/12.01.18
15	പി.വിജയകുമാരി അസിസ്റ്റന്റ് സെക്രട്ടറി	04.11.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		10.11.17	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്	6.5	21701341/22.03.18
		27.11.17	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്	6.5	21701341/22.03.18
		07.12.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		15.12.17	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്	6.5	21701341/22.03.18

		28.12.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		10.01.18.	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്	6.5	21701341/22.03.18
		12.01.18	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്	6.5	21701341/22.03.18
		25.01.18	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്	6.5	21701341/22.03.18
16	എസ്.കനകരാജ് അക്കൗണ്ടന്റ്	20.11.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		25.11.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		28.12.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		11.01.18	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്	6.5	21701341/22.03.18
17	കെ.എം.ക്രിസ്തുരാജൻ സീനിയർ ക്ലർക്ക്	22.11.17	പാറശ്ശാല പോലീസ് സ്റ്റേഷൻ	6.5	21701341/22.03.18
		03.01.18	പാറശ്ശാല ക്ഷീര വികസന ഓഫീസ്	6.5	21701341/22.03.18
		04.01.18	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		08.01.18	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
18	നിസ്സാം സീനിയർ ക്ലർക്ക്	16.12.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		01.01.18	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		16.01.18	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്	6.5	21701341/22.03.18
19	സജി സീനിയർ ക്ലർക്ക്	01.12.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
20	കെ.ആർ.ഷിബു ഓഫീസ് അറ്റൻഡന്റ്	01.11.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18

		10.11.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		15.11.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		01.12.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		08.12.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		22.12.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		23.12.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		30.12.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		01.01.18	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		05.01.18	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		23.01.18	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
21	ആർ.ഷീല	14.11.17	പാറശ്ശാല ട്രഷറി	6.5	21701341/22.03.18
		18.01.18	പാറശ്ശാല ട്രഷറി	6.5	21701341/22.03.18

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.